Talented Bankers Movie Panel Review

വാങ്ക്(2021)
Direction : Kavya Prakash
No Spoiler

"പടച്ചോന് നിന്നെ മനസിലാവും പക്ഷെ മനുഷർക്ക് മനസിലാവില്ല"

2018 ൽ പുറത്തിറങ്ങിയ ഉണ്ണി ആർ ന്റെ ചെറുകഥക്ക് ശബ്ന മുഹമ്മദിന്റ തിരക്കഥയിൽ അതേ പേരിൽ മനോഹരമായ ഒരു ദൃശ്യ ഭാഷ ഒരുക്കുകയാണ് സംവിധായകയായ കാവ്യാ പ്രകാശ് ചെയ്തിരിക്കുന്നത്. സാമൂഹിക പ്രസക്തിയുള്ള ഒരു വിഷയത്തെ വളരെ കയ്യടക്കത്തോടെയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

അനശ്വര രാജന്റെ അഭിനയ ജീവിതത്തിലെ ഏറ്റവും മികച്ച കഥാപാത്രമായി തന്നെ റസിയയെ വിലയിരുത്താൻ കഴിയും. റസിയയുടെ ബാപ്പയുടെ റോളിൽ എത്തിയ വിനീതും മികവുറ്റ പ്രകടനം തന്നെയാണ് കാഴ്ചവെച്ചിരിക്കുന്നത്.

നാലു പെൺകുട്ടികളുടെ ആഗ്രഹങ്ങളും അവയുടെ സാക്ഷാൽക്കാരവും എന്ന് വേണമെങ്കിൽ ഈ സിനിമയെ ചുരുക്കി പറയാം.. എന്നാൽ നാലാമത്തെ പെൺകുട്ടിയായ റസിയയുടെ ആഗ്രഹം സമൂഹത്തെ ഞെട്ടിച്ചു കളഞ്ഞു..

ചിന്തകളിൽ ബോധം നിറയുന്ന പ്രായത്തിനു മുൻപ് തലയിൽ നിറച്ചു കൊടുക്കുന്ന വിശ്വാസങ്ങളും പേറി നടക്കുന്ന മനുഷ്യന്മാരും, സ്ത്രീക്ക് ധരിക്കുന്ന വസ്ത്രം മുതൽ വിദ്യാഭ്യാസവും ജീവിതരീതിയും വരെ തീരുമാനിക്കുന്ന മതങ്ങളെയും ഒക്കെ ചിന്തയിലേക്കും ചർച്ചകളിലേക്കും എത്തിക്കുക കൂടിയാണ് ഈ സിനിമ ചെയ്യുന്നത്.

തിരക്കഥക്ക് ചില ഭാഗങ്ങളിൽ അല്പം വേഗതക്കുറവ് അനുഭവപ്പെട്ടു എങ്കിലും സാങ്കേതികമായും കലാപരമായും നിലവാരം പുലർത്തിയ ഒരു കുഞ്ഞു ചിത്രം എന്ന കണ്ണിലൂടെ കണ്ടാൽ വലിയ മുഷിപ്പില്ലാതെ ആസ്വദിക്കാൻ കഴിയുന്നതാണ്.